# ആശാവഹമായ നീക്കങ്ങൾ

**മതങ്ങൾ** തമ്മിൽ വിശ്വാസപരവും ആചാരപരവുമായ വൈവിധ്യങ്ങളും വൈരുധ്യങ്ങളുമുണ്ടെങ്കിലും എല്ലാ മതങ്ങളുടെയും ലക്ഷ്യം ഒന്നാണ്; മനുഷ്യനെ നന്നാക്കുക. ഈ ലക്ഷ്യം സാധിക്കാൻ മതങ്ങൾക്കിടയിൽ സൗഹാർദപരമായ സമ്പർക്കം അനിവാര്യമാണ്. ആളുകളെ തമ്മിലടിപ്പിച്ചും ശത്രുക്കളാക്കിയും ഒരു തത്ത്വശാസ്ത്രത്തിനും അവരെ സംസ്കരിക്കാനാവില്ല. മതവൈരം എക്കാലത്തും എല്ലാ മതങ്ങളുടെയും ലക്ഷ്യത്തിനെതിരാണ്. ഇന്നാകട്ടെ, മതപരമായ സംഘർഷങ്ങൾ ഏറിയേറിവരുന്ന ഒരു ചരിത്രഘട്ടത്തെയാണ് ലോകം തരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയെപ്പോലുള്ള ബഹുമതസമൂഹങ്ങളിൽ അതിഗുരുതരമായ കെടുതികളാണിതു സൃഷ്ടിക്കുന്നത്.

മതങ്ങൾ തമ്മിൽ ആരോഗ്യകരമായ സമ്പർക്കമുണ്ടാകേണ്ടതിന്റെ ആവശ്യകത ഇസ്‌ലാമിക പ്രസ്ഥാനം ആരംഭം മുതലേ തിരിച്ചറിഞ്ഞിട്ടുണ്ട്. മുസ്‌ലിം മത സംഘടനകളുടെ കൂട്ടത്തിൽ സഹോദര സമുദായങ്ങളുമായി താരതമ്യേന മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ള സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. തുടക്കത്തിൽ ജമാഅത്തിന്റെ മതസൗഹാർദ പരിപാടികളെ വിമർശിച്ചിരുന്നവർ ഇന്ന് സമാനസ്വഭാവമുള്ള പരിപാടികൾ ഏറ്റെടുത്തു തുടങ്ങിയിരിക്കുന്നുവെന്നത് സന്തോഷകരമായ പുരോഗതി തന്നെ.

ജനസംഖ്യാടിസ്ഥാനത്തിൽ ലോകമതങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിലുള്ള ഇസ്‌ലാമിനും ക്രൈസ്തവതക്കും വൈദിക മതങ്ങൾ എന്നനിലയിൽ യോജിക്കാവുന്ന ഒട്ടേറെ മേഖലകളുണ്ട്. യോജിക്കാവുന്ന മേഖലകളിൽ യോജിക്കാൻ ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ഖുർആൻ ഇരു കൂട്ടരോടും ആഹ്വാനം ചെയ്യുന്നുമുണ്ട് (3:64). മുഹമ്മദ് നബി(സ)യുടെ കാലത്ത് മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിൽ ഊഷ്മളമായ സൗഹാർദ ബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്തിരുന്നു. കാലാന്തരത്തിൽ ഈ സാഹോദര്യം ശിഥിലമായി. ഇരു വിഭാഗത്തിനുമിടയിൽ അകലം വർധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് ഇന്നത്തെ യാഥാർഥ്യം. നാളുതോറും പുതിയ പുതിയ തെറ്റുധാരണകളും ആശങ്കകളും പെരുകി വരികയാണ്. പരിണിത പ്രജ്ഞരായ മതനേതാക്കൾ ഈ സ്ഥിതി വിശേഷത്തിന്റെ അപകടകാരിത മനസ്സിലാക്കാതെയല്ല. ഇതെങ്ങനെ കുറക്കാം? മുസ്‌ലിം-ക്രൈസ്തവ സൗഹൃദം വളർത്തുന്നതിനുള്ള നടപടികൾ ആര് എവിടന്ന് എങ്ങനെ തുടങ്ങണം? ഈ ചോദ്യങ്ങൾക്കൊന്നും ലളിതമായ ഉത്തരങ്ങളില്ല. എളുപ്പത്തിൽ തട്ടിമാറ്റാനാവാത്തതാണ് സൗഹാർദത്തിന്റെയും സഹകരണത്തിന്റെയും മുന്നിലുയർന്നുനിൽക്കുന്ന പല കടമ്പകളും. കുരിശുയുദ്ധം പോലുള്ള ചരിത്രത്തിന്റെ കയ്പുറ്റ ഓർമകൾ സഹകരണത്തിലേക്കുള്ള എല്ലാ ചുവടുവെപ്പുകൾക്കും ദുർവഹമായ ഭാരമാവുകയാണ്.

9/11 ദുരന്തവും തുടർന്നുണ്ടായ സാമ്രാജ്യത്വ അധിനിവേശങ്ങളും കലയുടെയും സാഹിത്യത്തിന്റെയും ലേബലുകളിൽ യൂറോപ്പിൽ നടമാടുന്ന നഗ്നമായ ഇസ്‌ലാം നിന്ദയുമൊക്കെയാണ് മുസ്‌ലിം-ക്രൈസ്തവ ബന്ധത്തെ കൂടുതൽ കലുഷമാക്കിയ സമകാലീന സംഭവങ്ങൾ. ആത്മാർഥമായി അന്വേഷിച്ചാൽ ഈ സാഹചര്യത്തിലും സമരസത്തിന്റെയും സഹകരണത്തിന്റെയും കരുക്കൾ കണ്ടെത്തുക തന്നെ ചെയ്യും. അത് മുസ്‌ലിം ലോകത്തിനും ക്രൈസ്തവ ലോകത്തിനും സംഘർഷത്തിന്റെ മാർഗം വെടിഞ്ഞ് സ്നേഹത്തിന്റെയും സൗഹാർദത്തിന്റെയും പുതിയൊരധ്യായം തുറക്കാൻ വഴിയൊരുക്കിക്കൊടുക്കുമെന്നുറപ്പാണ്.

9/11 ക്രൈസ്തവലോകത്തുണ്ടാക്കിയ വൈകാരിക ക്ഷോഭം ശമിച്ചു വരുന്നു എന്നത് ആശ്വാസകരമായ വസ്തുതയാണ്. മറുവശത്ത് ഇതേ സംഭവം ഇസ്‌ലാമിനെ കൂടുതൽ യാഥാർഥ്യബോധത്തോടെ മനസ്സിലാക്കാനുള്ള താൽപര്യം യൂറോപ്യൻ ജനതയിൽ വളർത്തുകയുമുണ്ടായി. മുസ്‌ലിം-ക്രൈസ്തവ ലോകങ്ങൾ തമ്മിൽ നേതൃതലത്തിൽ ആശയവിനിമയമാരംഭിച്ചു കഴിഞ്ഞിരിക്കുന്നു. ഇരുവിഭാഗങ്ങൾക്കുമിടയിൽ രചനാത്മകമായ സംവാദങ്ങൾ സംഘടിപ്പിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നതായാണ് വാർത്ത. ക്രൈസ്തവ മേലധ്യക്ഷൻ പോപ്പ് ബെനഡിക്ട് 16-ാമൻ ഈ നീക്കങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇസ്‌ലാം-ക്രൈസ്തവ സംവാദം തുടർന്നുപോകാൻ വത്തിക്കാന്റെ ആഭിമുഖ്യത്തിൽ ഉയർന്ന പുരോഹിതന്മാർ ഉൾക്കൊള്ളുന്ന സ്ഥിരം സമിതി രൂപീകരിക്കാൻ അദ്ദേഹം നിർദേശിക്കുകയും ചെയ്തിരിക്കുന്നു.

മറുവശത്ത് മുസ്‌ലിം ലോകത്തും ഈ ദിശയിൽ ശ്രദ്ധേയമായ നീക്കങ്ങൾ നടക്കുന്നുണ്ട്. ജോർദാനിലെ സർക്കാർ സ്ഥാപനമായ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ മുസ്‌ലിം പണ്ഡിതന്മാരുടെ ഒരു പ്രതിനിധിസംഘം ഈയിടെ വത്തിക്കാൻ സന്ദർശിക്കുകയുണ്ടായി. ഈ സംഘവും സഭാമേധാവികളും തമ്മിൽ നടന്ന ചർച്ചയിൽ ചില തീരുമാനങ്ങൾ ഉണ്ടായതായി സെന്ററിന്റെ വക്താവ് ആരിഫ് അലി നാഇഫ് അറിയിച്ചിരിക്കുന്നു. ക്രൈസ്തവ-മുസ്‌ലിം വിഭാഗങ്ങൾക്കിടയിൽ സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കാനും മേൽനോട്ടം വഹിക്കാനുമായി ഇരുവിഭാഗവും ചേർന്ന ഒരു സ്ഥിരം ഫോറം രൂപീകരിക്കുന്നതായിരിക്കും. ഈ ഫോറം രണ്ടുവർഷം കൂടുമ്പോഴെങ്കിലും ഓരോ ചർച്ചാ സമ്മേളനം സംഘടിപ്പിക്കുന്നതാണ്. പ്രഥമ സമ്മേളനം ഇക്കൊല്ലം നവംബറിൽ തന്നെ നടത്തണമെന്നും തീരുമാനിച്ചിരിക്കുന്നു.

തീരുമാനങ്ങൾ ഫലപ്രദമായി നടപ്പിലാവാൻ ആത്മാർഥതയും ഇച്ഛാശക്തിയുമുള്ള പ്രവർത്തനം കൂടിയേ തീരൂ. ഈ രംഗത്തുള്ള പ്രശ്നങ്ങൾ നടേ സൂചിപ്പിച്ചതുപോലെ സങ്കീർണമാണ്. വളരെ അവധാനതയോടെ വേണം അവയെ സമീപിക്കാൻ. മുസ്‌ലിം-ക്രൈസ്തവ സംഘർഷത്തിൽനിന്നു മുതലെടുക്കുകയും അതുനിലനിർത്താൻ ഗൂഢമായി ശ്രമിക്കുകയും ചെയ്യുന്ന ചില ശക്തികൾ ഉണ്ട് എന്ന യാഥാർഥ്യം അവഗണിച്ചു കൂടാ. മുസ്‌ലിംകളെ ചൂണ്ടിക്കാണിച്ച് ക്രൈസ്തവ ലോകത്തെ ഭീതിപ്പെടുത്തുന്ന പരിപാടി ഇപ്പോൾ പ്രത്യക്ഷമായി തന്നെ നടക്കുന്നുണ്ടല്ലോ. പ്രതിലോമ ശക്തികളുടെ കുത്സിത തന്ത്രങ്ങളെ മറികടക്കാനാവശ്യമായ മുൻകരുതലോടെ മുന്നോട്ടു പോകാൻ ഇരു വിഭാഗത്തിന്റെയും നേതൃത്വങ്ങൾക്ക് കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു. ■